"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ . ബഹുമാനപെട്ട കൊല്ലം സബ് കോടതിയിലെ LAR 91/2013, 92/2013 കേസുകളുടെ വിധികട തുക അനുവദിക്കുന്നതിലേക്കായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.545/2025/PWD തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:-

1. 04.04.2023-ലെ സ.ഉ (സാധാ)നം. 473/2023/പൊമവ
2. 16.12.2024 -ലെ സ.ഉ (സാധാ) നം. 1294/2024/പൊമവ
3. 25.01.2025-ലെ സ.ഉ (സാധാ) നം.129/2025/പൊമവ
4. 19.02.2025 -ലെ സ.ഉ (സാധാ) നം.251/2025/പൊമവ
5. 18.03.2025 -ലെ സ.ഉ (സാധാ) നം. 380/2025/പൊമവ
6. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 21.03.2025-ലെ നം.. CEPWD/9369/2022-FR4(F)- RD കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ഓഫീസ് സിവിൽ സ്റ്റേഷൻ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച് ബഹുമാനപെട്ട കൊല്ലം സബ് കോടതിയിലെ LAR 91/2013, 92/2013 എന്നീ കേസുകളുടെ വിധികട തുക അനുവദിക്കുന്നതിനായി ₹59,553/- രൂപ (യഥാക്രമം ₹44,742/-,₹14,811/-) ) ആവശ്യമാണ് എന്നും പ്രസ്തുത തുക അനുദിക്കുന്നതിനായി ഈ വിഷയവുമായി ബന്ധപ്പെട്ട് സൂചന 5 പ്രകാരം അനുവദിച്ച പുതുക്കിയ ഭരണാനുമതി തുകയായ 52,36,142/- രൂപയുടെ കൂടെ ടി തുക കൂടി ചേർത്ത് ആകെ 52,95,695/- രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-(P)-(C) എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും മേൽ പരാമർശം 6 പ്രകാരം നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ഓഫീസ് സിവിൽ സ്റ്റേഷൻ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച് ബഹുമാനപെട്ട കൊല്ലം സബ് കോടതിയിലെ LAR 91/2013, 92/2013 കേസുകളുടെ വിധികടതുക നൽകുന്നതിനായി വേണ്ട 59,553/- രൂപ അനുവദിക്കുന്നതിലേക്കായി ഈ വിഷയവുമായി ബന്ധപ്പെട്ട് മേൽ പരാമർശം 5 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 52,36,142/- രൂപയുടെ കൂടെ ടി തുകയും കൂടി ചേർത്ത് ആകെ 52,95,695/- (അൻപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റിഅയ്യായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം)

രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80- (P)-(C) എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

3. നഷ്ടപരിഹാരത്തുക നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നൽകിയ കണക്കുകളുടെ കൃത്യത ചീഫ് എഞ്ചിനീയർ തലത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUJITHA KUMARI S S
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
സെക്ഷൻ ഓഫീസർ
Date: 05-04-2025 11:23:27